നിയന്ത്രണം വിട്ട കാർ പുഴയിൽ വീണു

പറവൂർ : നിയന്ത്രണം വിട്ട കാർ പുഴയിൽ വീണു. ഡ്രൈവറെ നാട്ടുകാർ രക്ഷപ്പെടുത്തി. എടവനക്കാട് സ്വദേശിയായ ഡ്രൈവർ അർജുനന് വലിയ പരിക്കില്ല. അപകട സമയത്ത് അർജുൻ മാത്രമാണ് കാറിൽ ഉണ്ടായിരുന്നത് .ഇന്നലെ രാവിലെ ഒമ്പതരയോടെ പറവൂർ തട്ടുകടവ് പാലത്തിന് സമീപമാണ് അപകടം

യൂബർ ടാക്സിയിൽ എടവനക്കാട് സ്വദേശികളാണ് യാത്ര ചെയ്തിരുന്നത്. തട്ടുകടവ് പാലത്തിന് സമീപമുള്ള ഹോട്ടലിൽ ഇവർ ചായ കുടിക്കാൻ ഇറങ്ങി. ഡ്രൈവർ കാർ പിന്നോട്ട് എടുത്ത് പാർക്ക് ചെയ്യുവാൻ ശ്രമിക്കവെ പിന്നിൽ മറ്റൊരു വാഹനം എത്തി. ഉടനെ വെട്ടിച്ചപ്പോൾ കാർ നിയന്ത്രണം വിട്ട് പുഴയിലേക്ക് മറിയുകയായിരുന്നു. പുഴയുടെ ആഴം കുറഞ്ഞ ഭാഗത്താണ് കാർ വീണതിനാൽ നാട്ടുകാർക്ക് ഡ്രൈവറെ ഉടനെ രക്ഷപ്പെടുത്താൻ കഴിഞ്ഞു. തുടർന്ന്, പൊലീസും ഫയർ ഫോഴ്സും സ്ഥലത്തെത്തി കാർ പുഴയിൽ നിന്നും ഉയർത്താൻ നടപടി സ്വീകരിച്ചു.

ഡി.ലിറ്റ് നൽകാൻ പണമില്ലെന്ന് വി.സി

പ്രശാന്ത് പാറപ്പുറം

കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പണമില്ലാത്തതിനാലാണ് സിനിമാതാരം ശോഭന ഉൾപ്പെടെയുള്ളവർക്ക് ഡി.ലിറ്റ് ബിരുദം നൽകാൻ കഴിയാത്തതെന്ന വൈസ് ചാൻസിലർ ഡോ. ഗീതാ കുമാരിയുടെ വെളിപ്പെടുത്തൽ വിവാദമായി.ശോഭന, സംസ്കൃത പണ്ഡിതൻ എൻ.പി. ഉണ്ണി, ശാസ്ത്രീയ സംഗീത ജ്ഞൻ ടി.എം. കൃഷ്ണ എന്നിവർക്കാണ് 2021-ൽ ഡി.ലിറ്റ് പ്രഖ്യാപിച്ചിട്ടും ഇതുവരെയും ബിരുദം നൽകാത്തത്. മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് സർവകലാശാലയുടെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ള പരാമർശം വി.സി. നടത്തിയത്.

സർവകലാശാലയ്ക്ക് ഏകദേശം 13 കോടിയോളം രൂപയുടെ ബാധ്യതയുണ്ടെന്ന് അവർ പറഞ്ഞു. വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാൻ പോലും പണമില്ലാത്ത അവസ്ഥയാണ്. ഡി.ലിറ്റ് ബിരുദദാന ചടങ്ങിനായി ഏകദേശം ആറുലക്ഷം രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത്. ഈ തുക കണ്ടെത്താൻ നിലവിൽ സർവകലാശാലയ്ക്ക് സാധ്യമല്ലെന്നും അതിനാൽ ഡി.ലിറ്റ് നൽകുന്നതിനെക്കുറിച്ച് ഇപ്പോൾ ചിന്തിച്ചിട്ടില്ലെന്നും വി.സി. വ്യക്തമാക്കി. സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടാൽ ബിരുദം നൽകുമെന്ന് അവർ കൂട്ടിച്ചേർത്തു.

അതേസമയം, വലിയ സാമ്പത്തിക ചെലവില്ലാതെ തന്നെ ഡി.ലിറ്റ് നൽകാനാകുമെന്നാണ് അധ്യാപകർ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായം. സർവകലാശാലയിൽ എസി ഹാൾ ഉൾപ്പെടെയുള്ള ഓഡിറ്റോറിയം സൗകര്യങ്ങൾ നിലവിലുണ്ടെന്നും അവിടെവച്ച് ലളിതമായ ചടങ്ങ് സംഘടിപ്പിക്കാമെന്നും അവർ ചൂണ്ടിക്കാട്ടുന്നു. സർവകലാശാലയിൽ അനാവശ്യ ചെലവുകൾ നടക്കുന്നതായും, നിരവധി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആരോപണമുണ്ട്.

തിരഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ സർവകലാശാലയ്ക്ക് പണമില്ലെന്ന വി.സി.യുടെ പരാമർശം സർക്കാരിനും തലവേദനയായിട്ടുണ്ട്. പ്രഖ്യാപിച്ച് അഞ്ച് വർഷമായിട്ടും ഡി.ലിറ്റ് ബിരുദം നൽകിയിട്ടില്ലെന്ന വാർത്ത 'മെട്രോ വാർത്ത' ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു.

ടെൻഡർ ക്ഷണിച്ചു

കൊച്ചി: തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ വിവിധ വാർഡുകളിലേക്ക് ആവശ്യമായ ' ബി ടൈപ്പ് നൈട്രസ് ഓക്സൈഡ് ' സിലിണ്ടറുകൾ റീഫിൽ ചെയ്തു നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു.ഫെബ്രുവരി 21 വരെ ടെൻഡറുകൾ സമർപ്പിക്കാം.

വാരനാട് ദേവിക്ഷേത്രത്തിലെ കുംഭഭരണി ഉത്സവത്തിന് തുടക്കമായി

ചേർത്തല: വാരനാട് ദേവിക്ഷേത്രത്തിലെ കുംഭഭരണി ഉത്സവത്തിന് തുടക്കമായി. വാദ്യമേളങ്ങളും ദേവിനാമജപങ്ങളും വായ്ക്കുരവകളും കൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ, ക്ഷേത്രം തന്ത്രി കടിയക്കോൽ വാസുദേവൻ നമ്പൂതിരി ഉത്സവത്തിന് കൊടിയേറ്റി. ക്ഷേത്രം മേൽശാന്തി രാമചന്ദ്രൻ പോറ്റി, ശാന്തിമാരായ മുരളീധരൻ പോറ്റി, പ്രകാശൻ പോറ്റി, നാരായണൻ എമ്പ്രാൻ, എന്നിവർ സഹകാർമ്മികരായി. തുടർന്ന് നടന്ന കൊടിയേറ്റ് സദ്യയിൽ ആയിരക്കണക്കിന് പേർ പങ്കാളികളായി. കൊടിയേറ്റിന് മുന്നോടിയായി അഖിലകേരള ധീവരസഭ വാരനാട് ശാഖയുടെ നേതൃത്വത്തിൽ ആഘോഷപൂർവ്വം കൊടിക്കയറും തെക്കേടത്ത് കോവിലകത്ത് രാജരാജ വർമ്മ കൊടിക്കൂറയും സമർപ്പിച്ചു.

വാരനാട് ദേവിക്ഷേത്രത്തിലെ ഉത്സവത്തിന് ക്ഷേത്രം തന്ത്രി കടിയക്കോൽ വാസുദേവൻ നമ്പൂതിരി കൊടിയേറ്റുന്നു

ദേവസ്വം പ്രസിഡന്റ് പ്രൊഫ.കെ.എൻ.സുരേന്ദ്രനാഥവർമ്മ, സെക്രട്ടറി വെള്ളിയാകുളം പരമേശ്വരൻ, വൈസ് പ്രസിഡന്റുമാരായ കെ.എൻ.ഉദയവർമ്മ, എൻ.വേണുഗോപാൽ, ട്രഷറർ പി.എൻ.നടരാജൻ, മറ്റ് ഭാരവാഹികളായ പി. അനിൽകുമാർ, ടി.സജീവ്‌ലാൽ, പി.അനിയപ്പൻ, ജി.സുരേഷ് ബാബു, കെ.എസ്. ശ്രീനിവാസ് എന്നിവർ നേതൃത്വം നൽകി.

കൊടിയേറ്റിന് ശേഷം ഊരുവലം എഴുന്നള്ളിപ്പും തുടങ്ങി. കുംഭഭരണി ദിനമായ 23-ന് ഉത്സവം സമാപിക്കും. ദിവസേന പകൽ ഒന്നിന് പ്രസാദമൂട്ടുണ്ടാകും. 12-നും 14-നും പകൽ ഒന്നിന് ഉത്സവബലി ദർശനം, 21-ന് രാത്രി 10.30-ന് പള്ളിവേട്ടയും 22-ന് വൈകുന്നേരം അഞ്ചിന് ആറാട്ടും നടത്തും. കുംഭഭരണി ഉത്സവ ദിനമായ 23-ന് രാവിലെ 4.30-ന് ഭരണിദർശനം തുടങ്ങും. വൈകുന്നേരം ആറിന് ഏഴ് ഒറ്റത്തൂക്കങ്ങൾ, രാത്രി എട്ടിന് പിന്നണി ഗായകൻ മധു ബാലകൃഷ്ണന്റെ ഗാനമേള, 12-30-ന് മൂന്ന് ഗരുഡൻ തൂക്കങ്ങൾ എന്നിവയുണ്ടാകും.

ബെവ്കോ എംപ്ലോയിസ് അസോസ്സിയേഷൻ (ഐ എൻ ടി യു സി) എറണാകുളം ജില്ലാ കമ്മിറ്റി യോഗം ആർ. ശിശുകുമാർ ഉദ്ഘാടനം ചെയ്യുന്നു

ബെവ്കോ എംപ്ലോയിസ് അസോസിയേഷൻ ജില്ലാ യോഗം

കൊച്ചി: ബെവ്കോ എംപ്ലോയിസ് അസോസ്സിയേഷൻ (ഐ എൻ ടി യു സി) എറണാകുളം ജില്ലാ കമ്മിറ്റി യോഗം ഐ എൻ ടി യു സി ഓഫീസിൽ നടന്നു. യോഗം സംസ്ഥാന വൈസ് പ്രസിഡന്റ് ആർ. ശിശുകുമാർ ഉദ്ഘാടനവും സംസ്ഥാനസമ്മേളനത്തിൻറെ പോസ്റ്റർ പ്രകാശനവും നിർവഹിച്ചു . 12 ലെ പൊതുപണിമുടക്ക് വിജയിപ്പിക്കുവാനും മാർച്ച് 1 ന് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ ജില്ലയിലെ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിച്ച് വിജയിപ്പിക്കാൻ യോഗം തിരുമാനിച്ചു. ഇതിൻറെ ഭാഗമായ് 17 ന് ജില്ലയിലെ ഷോപ്പുകളും വെയർഹൗസുകളും സന്ദർശിച്ച് പ്രചരണം നടത്തും. യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ പി ജോഷി അദ്ധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി ടി ഡി ഉണ്ണിക്കൃഷ്ണൻ സ്വാതവും സംസ്ഥാന കമ്മിറ്റി അംഗങ്ങളായ പ്രേംജി പഴയാറ്റിൽ, എം കെ രാജീവ്, ജില്ലാ ഭാരവാഹികളായ ശ്യം രാജ്, ഷിബു കെ പി , ജയൻ എം എസ് , ജോർജ് പി എ , ജോളി വി ടി തുടങ്ങിയവർ സംസാരിച്ചു.

തൊണ്ണൂറ്റിനാലാമത് മഞ്ഞനിക്കര തീർത്ഥയാത്രക്ക് മണിടിൽ ഭക്തി നിർഭരമായ തുടക്കം

പിറവം: രണ്ടാം മഞ്ഞനിക്കര എന്നറിയപ്പെടുന്ന മണീട് സെന്റ് കുര്യാക്കോസ് യാക്കോബായ സുറിയാനി കത്തീഡ്രൽ നിന്ന് തൊണ്ണൂറ്റിനാലാമത് മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് ഭക്തി നിർഭരമായ തുടക്കം. ഇന്നലെ രാവിലെ നടന്ന ഏഴിന്മേൽ കുർബാനയ്ക്ക് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവ കാർമികത്വം വഹിച്ചു. ഇടവക മെത്രാപ്പോലീത്ത ഡോ.മാത്യൂസ് മാർ ഈവാനിയോസ്, തൃശ്ശൂർ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലിമ്മിസ് എന്നിവർ സഹകാർമികരായി. ഉച്ചക്ക് നേർച്ചസദ്യ നടന്നു. വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ കാൽനട തീർഥാടകർക്ക് പള്ളിയിൽ വരവേൽപ്പ് നൽകി.

തുടർന്ന് പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് ബാവയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള കബറിങ്കൽ ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ ഈവാനിയോസ്, വികാരി ഫാ.ജേക്കബ് കാട്ടുപാടത്ത്, സഹ വികാരി ഫാ. ബിനു കോഴിക്കോട്ടേൽ എന്നിവരുടെ കാർമ്മികത്വത്തിൽ ധൂപപ്രാർത്ഥന നടത്തി.

ഇടവക മെത്രാപ്പോലീത്ത ഡോ.മാത്യൂസ് മാർ ഈവാനിയോസ് തീർഥയാത്രാ പതാക ആശീർവദിച്ച് കൺവീനർ കെ. സി. വർഗീസ്, അലക്സ് അമ്പലത്തറ എന്നിവർക്ക് കൈമാറി. തുടർന്ന് ആനമുന്തി കുരിശിങ്കലേയ്ക്ക് പ്രദക്ഷിണവും ധൂപ പ്രാർത്ഥനയും നടന്നു. ട്രസ്റ്റിമാരായ ഇ.സി രാജു ഇല്ലിമൂട്ടിൽ, സി.എം ജേക്കബ് ചാമമലയിൽ, സെക്രട്ടറി കെ.സി വർഗീസ് കല്ലിടിയിൽ എന്നിവർ നേതൃത്വം നൽകി.

ആനമുന്തി ഗാന്ധി സ്ക്വോയറിൽ എത്തിയ യാത്രയ്ക്ക് മണീട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിജി ബിജു, വൈസ് പ്രസിഡന്റ് മോൻസി വർഗീസ് എന്നിവർ ചേർന്ന് സ്വീകരണം നൽകി.

മെട്രോ റെയ്ൽ അങ്കമാലിയിലേക്കും കെഎംആർഎൽ സംഘം ചർച്ച നടത്തി

അങ്കമാലി: മെട്രോ റെയ്ൽ അങ്കമാലിയിലേക്ക് ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എം.ആർ.എൽ പ്രതിനിധികൾ അങ്കമാലിയിലെത്തി പദ്ധതി വിശദീകരണവും ചർച്ചയും നടത്തി. അങ്കമാലി എം.എൽ.എ റോജി എം. ജോൺ ആവശ്യപ്പെട്ടത് പ്രകാരമാണ് മെട്രോ പ്രതിനിധികൾ അങ്കമാലി നഗരസഭാ ഹാളിൽ ചേർന്ന യോഗത്തിൽ കാര്യങ്ങൾ വിശദീകരിച്ചത്. മെട്രോ റെയ്ൽ അങ്കമാലിയിലേക്ക് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ, റെയിൽവേ ലൈൻ കടന്ന് പോകാൻ പരിഗണനയുള്ള വ്യത്യസ്ത റൂട്ടുകൾ ഇതിനായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിവരങ്ങൾ, നിർദ്ദേശിക്കപ്പെട്ട സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രതിനിധികൾ വിശദീകരിച്ചു.

സാങ്കേതികവും സാമ്പത്തികവുമായ എല്ലാ വശങ്ങളും പരിശോധിച്ചു ഏറ്റവും അനുയോജ്യമായ റൂട്ട് ആയിരിക്കും സർക്കാർ അനുമതിയോടെ അന്തിമമായി അംഗീകരിക്കുക. യോഗത്തിൽ പങ്കെടുത്തവർ ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും സി.എം.ആർ.എൽ ജനറൽ മാനേജർ അജിത് എയും ഡെപ്യൂട്ടി ജനറൽ മാനേജർ എൽദോ വർഗ്ഗീസും മറുപടി നൽകി. മെട്രോ അങ്കമാലിയിലേക്ക് എന്ന സ്വപ്നം എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ ഒത്തൊരുമിച്ചുള്ള എല്ലാ പരിശ്രമവും ഉണ്ടാവുമെന്ന് റോജി എം. ജോൺ എം.എൽ.എ പറഞ്ഞു.

മെട്രോ അങ്കമാലിയിലേക്ക് ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അങ്കമാലി നഗരസഭാ ഹാളിൽ ചേർന്ന് യോഗത്തിൽ റോജി എം. ജോൺ എം.എൽ.എ സംസാരിക്കുന്നു. റീത്താ പോൾ, വിൽസൺ മുണ്ടാടൻ, ബിനി കൃഷ്ണൻകുട്ടി, ബാസ്റ്റിൻ പാറയ്ക്കൽ, ജെയിൻ വർഗ്ഗീസ് പാത്താടൻ, സി.എം.ആർ. എൽ ജനറൽ മാനേജർ അജിത് എ, ഡെപ്യൂട്ടി ജനറൽ മാനേജർ എൽദോ വർഗ്ഗീസ് എന്നിവർ സമീപം

നഗരസഭാ ചെയർപേഴ്സൺ റീത്താപോളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ചെയർപേഴ്സൺ വിൽസൺ മുണ്ടാടൻ, സാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ബിനി കൃഷ്ണൻകുട്ടി, ബാസ്റ്റിൻ പാറയ്ക്കൽ, നഗരസഭാ സെക്രട്ടറി ജെയിൻ വർഗ്ഗീസ് പാത്താടൻ, കൗൺസിൽ അംഗങ്ങൾ, റെസിഡന്റ്സ് അസ്സോസ്സിയേഷൻ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, മർച്ചന്റ്സ് അസ്സോസ്സിയേഷൻ ഉൾപ്പെടെ വിവിധ സംഘടനാ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

തൃക്കൊടിത്താനം സ്റ്റേഷനിൽ ആവശ്യത്തിന് പൊലീസുകാരും വാഹനങ്ങളുമില്ല

ചങ്ങനാശേരി: ജില്ലയിൽ ഏറ്റവും കൂടുതൽ ക്രിമിനൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന തൃക്കൊടിത്താനം പൊലീസ് സ്റ്റേഷനിൽ പൊലീസുകാരുടെ എണ്ണക്കുറവു മൂലം സ്റ്റേഷന്റെ ദൈനം ദിനപ്രവർത്തനം ദുരിതത്തിൽ. സ്റ്റേഷനിലെ വിവിധ കേസുകൾ അനുദിനം കൈകാര്യം ചെയ്യാൻ 60 പോലീസുകാരെങ്കിലും വേണമെന്നിരിക്കെ 34 പേർ മാത്രമാണ് ഇവിടെയുള്ളത്. ജില്ലയിലെ പിടികിട്ടാപ്പുള്ളികളടക്കം കുപ്രസിദ്ധ ക്രിമിനലുകളും ഓരോ മാസവും നൂറിനും നൂറ്റമ്പതിനുമിടയിൽ കേസുകളും രജിസ്റ്റർ ചെയ്യുന്ന സ്റ്റേഷൻ കൂടിയാണിത്. തൃക്കൊടിത്താനം, മാടപ്പള്ളി, പായിപ്പാട് പഞ്ചായത്തുകളിലെ അറുപത് വാർഡുകളിലെ ലോ ആൻഡ് ഓർഡറാണ് ഈ സ്റ്റേഷനിൽ ക്രമീകരിക്കുന്നത്. രാസലഹരി, ക്രിമിനൽ കേസുകൾ ഉൾപ്പെടെ നിരവധി കേസുകളാണ് ഓരോ ദിവസവും സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്നത്.

പരാധീനതയുടെ നടുവിൽ തൃക്കൊടിത്താനം പൊലീസ് സ്റ്റേഷൻ

അഞ്ചുവർഷം മുമ്പ് കൊക്കോട്ടുചിറയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചിരുന്നു.പായിപ്പാട്ടുള്ള നൂറിലധികം ക്യാമ്പുകളിലായി ഏഴായിരത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ പ്രദേശത്തുണ്ട്. കോവിഡ് കാലത്ത് സർക്കാർ നിയന്ത്രണങ്ങളേർപ്പെടുത്തിയപ്പോൾ ഇവർ പായിപ്പാട് കവലയിൽ മിന്നൽ വേഗത്തിൽ സംഘടിച്ചത് സംസ്ഥാന സർക്കാരിനെ അങ്കലാപ്പിലാക്കിയിരുന്നു.

ജില്ലയിലെ മറ്റ് സ്റ്റേഷനുകളിൽനിന്നുള്ള പൊലിസുകാരെയെത്തിച്ചാണ് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയത് തൃക്കൊടിത്താനം, മാടപ്പള്ളി പഞ്ചായത്തുകളിലും ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർധിച്ചിട്ടുണ്ട്.

രാസലഹരി വില്പന, മോഷണം, മറ്റിതര - കുറ്റകൃത്യങ്ങൾ എന്നിവ ഇവർക്കിടയിൽ വർധിച്ചതും പൊലീസിനു തലവേദനയാണ്. ജനമൈത്രി ബീറ്റ്, എസ്പിസി, ഓഫീസ് കാര്യങ്ങൾ, വിഐപി എസ്കോർട്ട്, കോടതി വ്യവഹാരങ്ങൾ, വിവിധ ജംഗ്ഷനുകളിലെ ട്രാഫിക് നിയന്ത്രണം, പാസ്പോർട്ട് വെരിഫിക്കേഷൻ രാത്രി കാല പട്രോളിംഗ്, ഉത്സവം, പെരുന്നാളുകൾ, സമ്മേളനങ്ങൾ, കേസന്വേഷണം കൂടാതെ പ്രത്യേക ഡ്യൂട്ടികൾ തുടങ്ങിയവയ്ക്ക് പൊലീസുകാരെ വിന്യസിക്കേണ്ടിവരുമ്പോൾ സ്റ്റേഷൻ അധികാരികൾ ഏറെ പ്രതിസന്ധിയിലാകുകയാണ് പതിവ്.

പൊലീസുകാർക്ക് ഓഫും അവധിയും എടുക്കാനും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ജോലിഭാരം വർധിക്കുന്നത് പൊലീസുകാരിൽ സമ്മർദത്തിനും ഇടയാക്കുന്നുണ്ട്.

വിവിധ പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള മുക്കാഞ്ഞിരം, വെങ്കോട്ട, ഇയ്യാലി, മാമ്മൂട്, ദൈവംപടി, പാലമറ്റം, കണ്ണവട്ട, ഇരുപ്പ, നാലുകോടി റെയിൽവേ ക്രോസ് എന്നിവിടങ്ങൾ വരെയാണ് ഈ സ്റ്റേഷന്റെ അധികാരപരിധി വ്യാപിച്ചുകിടക്കുന്നത്.കൺട്രോൾ റൂം വെഹിക്കിൾ അനുവദിക്കണമെന്ന് ആവശ്യം തൃക്കൊടിത്താനം പൊലീസ് സ്റ്റേഷനിൽ സ്എച്ച്ഒയ്ക്കും എസ്.ഐ യ്ക്കും ഓരോ വാഹനങ്ങൾ മാത്രമാണുള്ളത്. ഗതാഗത തടസം, അക്രമം തുടങ്ങിയ സംഭവങ്ങളുണ്ടാകുമ്പോൾ വാഹനങ്ങളില്ലാത്തതുമൂലം പൊലീസിനു യഥാസമയം ഓടിയെത്താനാകുന്നില്ല. മാമ്മൂട്, തെങ്ങണ, വെങ്കോട്ട, പായിപ്പാട്, നാലുകോടി, മുക്കാട്ടുപടി തുടങ്ങിയ പ്രധാന ജംഗ്ഷനുകൾ സ്റ്റേഷൻ പരിധിയിലാണ്.കൺട്രോൾ റൂം വെഹിക്കിളും ഈ വാഹനത്തിലെ ഡ്യൂട്ടിക്കുള്ള പൊലീസുകാരെയും അനുവദിച്ചാൽ ഏറെ ഉപകാരപ്പെടുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

എട്ടുമണിക്കൂർ വീതമുള്ള മൂന്നു ഡ്യൂട്ടിക്ക് മുന്ന് എസ്ഐമാർ, മൂന്നു പൊലീസുകാർ, മൂന്നു ഡ്രൈവർമാർ എന്നിവരാണ് കൺട്രോൾ റൂം വെഹിക്കിളിന്റെ സുഗമമായ നടത്തിപ്പിനായി വേണ്ടത്.

സ്റ്റേഷൻ പരിധിയിലെ വിവിധ കേന്ദ്രങ്ങളിലെ ഡ്യൂട്ടിക്ക് ഈ സംവിധാനം ഏറെ ഉപകരിക്കും.

തൃക്കൊടിത്താനം പൊലീസ് സ്റ്റേഷന്റെ സമാധാന പരിപാലനം കാര്യക്ഷമമാക്കാൻ തെങ്ങണയിലും പായിപ്പാട്ടും കൺട്രോൾ റൂം തുറക്കണമെന്നു കാണിച്ച് സ്റ്റേഷൻ അധികൃതർ ആഭ്യന്തര വകുപ്പിന് കത്തു നൽകിയിരുന്നു. വനിതാ പൊലീസുകാരടക്കം 21 പേരെക്കൂടി നിയമിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപടികൾ ഒന്നും ഉണ്ടായിട്ടില്ലായെന്ന് ജീവനക്കാർ പറയുന്നു.

എംഎൽഎക്കെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് യുഡിഎഫ്

പിറവം: കഴിഞ്ഞദിവസം പിറവം എംഎൽഎ അഡ്വ. അനൂപ് ജേക്കബിനെതിരെ പിറവം നഗരസഭയുടെ മുൻ ചെയർമാനും മുൻ കോൺഗ്രസ് ഭാരവാഹിയുമായിരുന്ന സാബു കെ. ജേക്കബ് ഉന്നയിച്ച ആരോപണങ്ങൾ വെറും അടിസ്ഥാനരഹിതവും വസ്തുതവിരുദ്ധവും എന്ന് യുഡിഎഫ് നേതാക്കളായ ഷാജു ഇലഞ്ഞിമറ്റം, രാജു പാണാലിക്കൽ, തോമസ് തേക്കുംമൂട്ടിൽ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അനൂപ് ജേക്കബ് മന്ത്രിയായിരുന്ന കാലഘട്ടത്തിലും നിലവിൽ എംഎൽഎ ആയിരിക്കുകയും പിറവം മുൻസിപ്പാലിറ്റിയിലും പിറവം നിയോജക മണ്ഡലത്തിലും ആകമാനം കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

പിറവം മുൻസിപ്പാലിറ്റിയിൽ മാത്രം കേരള ഗവൺമെന്റിൽ നിന്ന് സമ്മർദം ചെലുത്തി നിരവധിയായ പദ്ധതികൾക്ക് തുക അനുവദിപ്പിച്ചിട്ടുണ്ട്.

അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡ്.
ACRE MAKING ASSETS WORK
രജിസ്റ്റർ ചെയ്ത ഓഫീസ്: 14-ാം നില, ഇറോസ് കോർപ്പറേറ്റ് ടവർ, നെഹ്റു പ്ലേസ്, സൗത്ത്ഡൽഹി-110019 ഫോൺ: 91-11-43115600 ഫാക്സ്: 91-11-43115618
കോർപ്പറേറ്റ് ഓഫീസ്: യൂണിറ്റ് നമ്പർ: 502, സി വിംഗ്, വൺ ബികെസി, റേഡിയസ് ബെവലപ്പേഴ്സ്, പ്ലോട്ട് നമ്പർ: സി-66, ജി-ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, മുംബൈ - 400051 ഫോൺ: 022 68643101
ഇ-മെയിൽ: acre.arc@acreindia.in വെബ്സൈറ്റ്: www.acreindia.in CIN: U65993DL2002PLC115769

അനുബന്ധം IV-A - സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ ആസ്യസ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 പ്രകാരം സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന നോട്ടീസ്, 2002 ലെ സെക്യൂരിറ്റിസ് ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് നിയങ്ങളിലെ റൂൾ 8(6) & 9(1) ന്റെ വ്യവസ്ഥകൾക്കൊപ്പം വായിക്കണം. അക്കൗണ്ടന്റ് ബാങ്കിനോ/വറിജിനൽ ലെൻഡറിനോ പണയം വച്ചതോ ചാർജ് ചെയ്തതോ ആയതും, അക്കൗണ്ടന്റ് ബാങ്കിന്റെയോ/വറിജിനൽ ലെൻഡറിനോ അക്കൗണ്ടന്റ് ചെയ്യാനതിന് മുന്ന് അക്കൗണ്ടന്റ് ബാങ്കിന്റെയോ/വറിജിനൽ ലെൻഡറിനോ ഭൌതികമായി കൈവശം വച്ചിരുന്നതുമായ താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ, പിന്നീട് അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡിന് ("സെക്യൂരിഡ് ക്രെഡിറ്റർ") നൽകിയിട്ടുണ്ടെന്ന് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വായ്പക്കാർ, സഹ വായ്പക്കാർ, മോർട്ട്ഗേഗർ, ഗ്യാരണ്ടർ എന്നിവർക്ക് ഇതിനാൽ അറിയിപ്പ് നൽകുന്നു. [CIN: U65993DL2002PLC115769] ("സെക്യൂരിഡ് ക്രെഡിറ്റർ") അതനുസരിച്ച്, ബാങ്കുകൾക്ക് ക്രെഡിറ്റർ ഇപ്പോൾ 'എവിടെയൊണോ അങ്ങനെ തന്നെ', 'എന്തതാണോ അങ്ങനെ തന്നെ', 'എന്നതാണോ അങ്ങനെ തന്നെ' എന്നീ അടിസ്ഥാനത്തിൽ പ്രസ്തുത വസ്തുവകകളുടെ വിൽപ്പന നടത്തും. കടം വാങ്ങുന്നവർ, സഹ-വായ്പ എടുക്കുന്നവർ, മോർട്ട്ഗേഗർമാർ, ഗ്യാരണ്ടർമാർ എന്നിവരിൽ നിന്ന് സെക്യൂരിഡ് ക്രെഡിറ്ററിന് നൽകേണ്ട തുകകൾ തിരിച്ചുപിടിക്കുന്നതിന്, റിസർവ് വിലയും ഓരോ വസ്തുവിനും താഴെ സൂചിപ്പിച്ചിരിക്ക